കാസർകോഡ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തവർ

1300 [2331] ശ്രീ. സി. റ്റി. അഹമ്മദ് അലി: താഴെക്കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കാസർകോട് ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ 1986 മേയ് 30 വരെ എത്രപേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ഉത്തരം

1986 മേയ് 31–ലെ കണക്കനുസരിച്ച് 43,614 പേർ.

ഇരിങ്ങാലക്കുട എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് ഓഫീസിനു കെട്ടിടം

1301 [2332] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇരിങ്ങാലക്കുട എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് ഓഫീസിനു പുതിയതായി കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

ഇരിങ്ങാലക്കുട അസിസ്റ്റൻറ് ലേബർ ഓഫീസിന് കെട്ടിടം

1302 [2333] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട അസിസ്റ്റൻറ് ലേബർ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇരിങ്ങാലക്കുട അസിസ്റ്റൻറ് ലേബർ ഓഫീസിന് കെട്ടിടം പണിയാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിലില്ല.

അപ്രൻറീസ് അഡ്വൈസറുടെ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഐ.ടി.ഐ. ക്കാർ

1303 [2334] ശ്രീ. കെ. ടി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾ തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവനന്തപുരത്തുള്ള അപ്രൻറീസ് അഡ്വൈസറുടെ ഓഫീസിൽ ഐ.ടി.ഐ. പാസ്സായിട്ടുള്ള എത്രപേരാണു 1985–ൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly